പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3061 — 10.03.2017-ൽ മറുപടിക്ക്

മൊടവണ്ണക്കടവ് തൂക്കുപാലം നിർമാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഏറനാട് മണ്ഡലത്തിൽ ചാലിയാറിന് കുറുകെ മൊടവണ്ണക്കടവ് എന്ന സ്ഥലത്ത് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഒരു തൂക്കുപാലം നിർമിക്കുന്നതിന് ഭരണാനുമതി നൽകുകയും പിന്നീടതിനെ നടപ്പാലം ആയി നിർമിക്കുന്നതിനായി ഭരണാനുമതിയും മറ്റ് നടപടിക്രമങ്ങളും പൂർത്തീകരിച്ചിരുന്നോ; വ്യക്തമാക്കുമോ ? | (എ) ചാലിയാറിന് കുറുകെ മൊടവണ്ണക്കടവിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട് (SDRF) ഉപയോഗിച്ച് തൂക്കുപാലം നിർമ്മിക്കുന്നതിനായി സർക്കാർ ഉത്തരവായിരുന്നു. (GO(Rt)No.4660/2012/DMD തീയതി 09.08.2012) പാലത്തിന്റെ നിർമ്മാണോത്ഘാടന വേളയിൽ ജനപ്രതിനിധികളും പൊതു ജനങ്ങളും, ചെറിയ വാഹനങ്ങൾ കൂടി കടന്നു പോകാനുതകുന്ന പാലമാണ് വേണ്ടതെന്ന് ആവശ്യപ്പെട്ടതിനാൽ നിർമ്മാണ ഏജൻസിയായ KEL എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട് അലൈൻമെന്റ് സർവ്വെ - സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ സർക്കാർ ഉത്തരവ് |

G.O(Rt) No.1150/15/RD തീയതി 04.03.2015) പ്രകാരം RMF ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണ്. പാലത്തിന്റെ ഇരുകരകളിലും കൗണ്ടർ വെയ്റ്റ് സ്ഥാപിക്കേണ്ട സ്ഥലം വനഭൂമിയായതിനാൽ DFO മുഖേന വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിക്ക് നിർമിതി കേന്ദ്രവുമായി എഗ്രിമെന്റ് വെച്ചിരുന്നോ; പിന്നീട് പ്രവൃത്തി തുടങ്ങുന്നതിന് എന്താണ് തടസ്സമായി വന്നിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇതിനോടൊപ്പം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പാലത്തിന്റെ ഇരുകരകളിലുമുള്ള ഭൂമി വനഭൂമിയായതിനാൽ വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു.

(സി) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ടി നടപ്പാലം നിർമിക്കുന്നതിന് ഫണ്ട് അനുവദിക്കാത്തതാണ് പ്രവൃത്തിക്ക് തടസ്സമായി എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) വനഭൂമി വിട്ടു കിട്ടിയാൽ മാത്രമേ പാലം നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളു.

(ഡി) എങ്കിൽ ടി പ്രവർത്തിയുടെ അടിയന്തിര ആവശ്യകത പരിഗണിച്ച്

(ഡി) ബാധകമല്ല.

ടി പ്രവർത്തികളുള്ള മൊബിലൈ സേഷൻ അഡ്വാൻസും ബാക്കി ഫണ്ടും മലപ്പുറം ജില്ല റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അടിയന്തിരമായി നൽകുന്നതിനും ഈ പ്രവൃത്തി ഇനിയും കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ